പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6174 — 10.07.2012- ൽ മറുപടിയ്ക്ക്

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി). |
| (എ) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിന് 2011-12-ൽ പദ്ധതിയിനത്തിൽ എന്തു തുക വകയിരുത്തിയിരുന്നു; അതിൽ എന്തു തുക ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറി; എന്ത് തുക ഇൻസ്റ്റിറ്റ്യൂട്ട് ചെലവഴിച്ചു; | (എ) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഐ.എ.എച്ച് & വി.ബി, പാലോടിന് 2011-2012-ൽ പദ്ധതിയിനത്തിൽ 2403 - 101 - 84(P) എന്ന ശീർഷകത്തിൽ 220 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ 218.6 ലക്ഷം രൂപയും, 2403 - 109 - 96(P) വികസനവും പരിശീലനവും എന്ന ശീർഷകത്തിൽ രണ്ട് ലക്ഷം രൂപയും ചേർത്ത് ആകെ 220.6 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറി. ഇതിൽ 2,18,68,604 രൂപ ഇൻസ്റ്റിറ്റ്യൂട്ട് ചെലവഴിച്ചു. |
| (ബി) ഇക്കാലയളവിൽ ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്ര ഫണ്ട് ലഭിച്ചിരുന്നുവോ ; വിശദാംശങ്ങൾ നൽകാമോ; അതിൽ എന്ത് ചെലവഴിച്ചു ; | (ബി) ഇക്കാലയളവിൽ ഇൻസ്റ്റിറ്റ്യൂട്ടിന് കേന്ദ്ര ഫണ്ട് ലഭിച്ചിരുന്നില്ല. |
| (സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2011-12 -ലെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദ വിവരങ്ങൾ നൽകാമോ ; | (സി) വിലയിരുത്തിയിട്ടുണ്ട്.<br>മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെട്ട നിലയിലായിരുന്നു. സ്ഥിരമായി ഉത്പ്പാദിപ്പിക്കുന്ന വാക്സിനുകൾക്ക് പുറമെ, പുതുതായി സ്വൈൻ ഫീവർ വാക്സിന്റെ ഉത്പ്പാദനം ആരംഭിച്ചു. വാക്സിൻ കൊണ്ടുപോകുന്നതിനായി ഒരു ശീതീകരിച്ച വാഹനം 2011-12-ൽ വാങ്ങി പ്രവർത്തനം തുടർന്നു വരുന്നു. 117 ലക്ഷം രൂപ ചെലവിൽ ട്രെയിനീസ് ഹോസ്റ്റലിന്റെ തറക്കല്ലിട്ടു. താഴെപ്പറയുന്ന അളവിൽ വിവിധ വാക്സിനുകൾ ഉത്പ്പാദിപ്പിച്ചു.<br>R.D.L - 1608500<br>$R_2B$ - 11722400<br>ഡക്ക് പ്ലേഗ് വാക്സിൻ - 3293800 |

| | |
|---|---|
| ഫൗൾ പോക്സ് വാക്സിൻ | - 96300 |
| ക്ലാസിക് സ്വൈൻ ഫീവർ വാക്സിൻ | - 50790 |
| ആന്ത്രാക്സ് സ്പോർ വാക്സിൻ | - 97100 |
| എച്ച്.എസ്സ്.ബ്രോത്ത് വാക്സിൻ | - 92640 |
| എച്ച്. എസ്സ്. ഓയിൽ അഡ്ജുവന്റ് വാക്സിൻ | 215400 |
| ഡക്ക് പാസ്റ്റുറെല്ല വാക്സിൻ | - 2186600 |
| R.B.P.T ആന്റിജൻ | - 1131 |
| എസ്സ്. പി. ആന്റിജൻ | - 521 |
| ഡൈലുവന്റ് | - 54449 |
| സി.എം.റ്റി റീ ഏജന്റ് 100 മില്ലി | - 10000 |
| സി.എം.റ്റി റീ ഏജന്റ് 500 മില്ലി | - 1000 |

ആന്റി ബയോട്ടിക് സെൻസിറ്റിവിറ്റി കിറ്റ് - 2085

(ഡി) ഇൻസ്റ്റിറ്റ്യൂട്ട് ഉത്പാദിപ്പിക്കുന്ന പ്രതിരോധ വാക്സിനുകൾക്ക് ജി.എം.പി./ജി.എൽ.പി. സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിന് കഴിഞ്ഞുവോ; ഇല്ലെങ്കിൽ ആയതിന്റെ നടപടി ക്രമം എവിടെയെത്തിനിൽക്കുന്നുവെന്നറിയിക്കാമോ ?

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിന് ജി.എം.പി./ജി.എൽ.പി. സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുവാൻ കഴിഞ്ഞില്ല. ജി.എം.പി സൗകര്യം ഏർപ്പെടുത്തുന്നതിനായി 4.69 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് കൈമാറി. ആദ്യ ഘട്ടം പണി തുടങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചുവെങ്കിലും, ആരും പങ്കെടുത്തിരുന്നില്ല. ഇപ്പോൾ സാധന സാമഗ്രികളുടെ വിലക്കയറ്റം മൂലം പ്രസ്തുത പണിയ്ക്ക് പൊതുമരാമത്ത് വകുപ്പ് 8 കോടി രൂപയുടെ എസ്റ്റിമേറ്റ് നൽകിയിരിക്കുകയാണ്. അധികമായി ആവശ്യപ്പെട്ട തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ